പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2413 05.11.2019 ലെ മറുപടിക്ക്

**കയർമേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ നടപ്പിലാക്കിയ വിവിധ പുനരുദ്ധാരണ പദ്ധതികളുടെ ഫലമായി കയർ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) കയർപിരി മേഖലയിൽ സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായി കയറിന്റെയും ചകിരിയുടെയും ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016 മാർച്ചിൽ 78800 ക്വിൻറൽ ആയിരുന്ന കയർഫെഡുവഴിയുള്ള സംഭരണം 2019 മാർച്ചിൽ 1.57 ലക്ഷം ക്വിൻറലായി വർദ്ധിച്ചിട്ടുണ്ട്. 100 ശതമാനത്തിനടുത്ത് വർദ്ധനവ് കയർ ഉൽപ്പാദനത്തിൽ കൈവരിക്കാനായിട്ടുണ്ട്.<br><br>ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം ഉൽപ്പന്ന സംഭരണം 2015-16 ൽ 9799 ലക്ഷം ആയിരുന്നത് 2018-19 ൽ 15308 ലക്ഷം രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. 56.22% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) കയർ സംഭരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) കയർ സംഭരണവും വിപണനവും സുഗമമാക്കുന്നതിനായി അംഗസംഘങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡ് സംഭരിക്കുന്നുണ്ട്. ഈ കയർ ഇനങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമെങ്കിൽ സർക്കാർ പ്രൈസ് ഫ്ളക്ച്യുവേഷൻ കമ്മറ്റിയുടെ തീരുമാനപ്രകാരം ഡിസ്കൗണ്ട് നൽകി വരുന്നു. എന്നാൽ 2017-18 മുതൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ വിജയത്തിനെത്തുടർന്ന് കയർ കെട്ടിക്കിടക്കുന്ന അവസ്ഥ സംസ്ഥാനത്ത് പൂർണ്ണമായും അവസാനിച്ചിട്ടുണ്ട്. കയർ കേരള 2019 വഴി വീണ്ടും 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.<br>എസ് - മായി ചേർന്ന് ധാരണാപത്രം ഒപ്പിട്ട് നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കയർഫെഡിന്റെ ആലപ്പുഴയിലെ ഹെഡ് |

| | |
|---|---|
| | ഓഫീസുകൾ വഴിയും എല്ലാ റീജിയണൽ ഓഫീസുകൾ വഴിയും സംഘങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ കയർ സംഭരിക്കുന്നു.<br><br>കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് ക്രയവിലസ്ഥിരതാ പദ്ധതി കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് കയർ ഉൽപ്പന്നങ്ങൾ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും ചെറുകിട ഉൽപ്പാദക സംഘങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ സംഭരിച്ച് നൽകുന്നതിന് സംഭരണ വിലയുടെ 16% സർക്കാർ ആനുകൂല്യമായി നൽകുന്നു. 13.5% ആയിരുന്ന ഈ ആനുകൂല്യം സർക്കാർ 16% ആയി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കയറിന്റെ വിപണി വികസിപ്പിക്കുന്നതിന് സഹായകരമായ ഒരു നടപടിയാണിത്. |
| സി) സംഭരിക്കുന്ന കയറിന്റെ വില ഉടൻതന്നെ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് കയർഫെഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) അംഗസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയർ കയർഫെഡിൽ കെട്ടിക്കിടക്കുകയും വിറ്റഴിക്കാത്ത ഇനങ്ങൾക്ക് 70% വരെ സബ്സിഡി നൽകുകയും ചെയ്യുന്ന അവസ്ഥയായിരുന്നു കയർഫെഡിൽ മുൻകാലത്ത് ഉണ്ടായിരുന്നത്. എന്നാൽ കയർ കേരള 2017 ലൂടെ നടപ്പിലാക്കിയ കയർ ഭൂവസ്ത്ര പദ്ധതിയുടെ ഭാഗമായി കയർ കെട്ടിക്കിടക്കുന്ന അവസ്ഥ പൂർണ്ണമായും ഇല്ലാതാക്കാൻ കയർ വികസന വകുപ്പിനു കഴിഞ്ഞു. കൂടാതെ വിറ്റഴിക്കാൻ പ്രയാസമുള്ള കയറിനങ്ങൾക്ക് ഉൾപ്പെടെ നൽകിയിരുന്ന ഡിസ്കൗണ്ട് നിരക്ക് ഗണ്യമായി കുറക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2015-16 ൽ 78800 ക്വിൻറൽ കയർ സംഭരിച്ച സ്ഥാനത്ത് 2018-19 ൽ 1.57 ലക്ഷം ക്വിൻറൽ കയറാണ് സംഭരിച്ചത്. ഇതിലെ സിംഹഭാഗവും കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം 3 ലക്ഷം ക്വിൻറൽ കയർ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കയർ കേരള 2019 ലൂടെ ലഭ്യമാകുന്ന 100 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡറുകളും റോഡ് നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി. വഴി ലഭ്യമാകുന്ന ഓർഡറുകളും ഈ കയർ വിറ്റഴിക്കുന്നതിന് പര്യാപ്തമാണ്. അതുവഴി സംഭരിക്കുന്ന കയറിന്റെ വില ഉടൻ തന്നെ സംഘങ്ങൾക്ക് ലഭ്യമാക്കാനാകും. കൂടാതെ മൊബൈൽ സാങ്കേതികവിദ്യാസഹായത്തോടെ കയർ സംഭരിക്കുമ്പോൾ തന്നെ അതിന്റെ വില സംഘങ്ങളുടെ അക്കൗണ്ടിലേക്ക് കയർഫെഡിന്റെ |

| | |
|---|---|
| | അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തുകൊടുക്കത്തക്ക രീതിയിൽ സാങ്കേതിക സംവിധാനം സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്മെൻറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ആവിഷ്കരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ